## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2479 12/03/2020-ലെ മറുപടി**

**മലപ്പുറം, പാലക്കാട് ജില്ലകളിൽ കടിവെള്ളമെത്തിക്കാൻ സ്ഥിരം സംവിധാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | മലപ്പുറം, പാലക്കാട് ജില്ലകളിൽ കടിവെള്ളമെത്തിക്കുന്നതിനായി ഏതെല്ലാം ജലസ്രോതസ്സുകളെയാണ് ആശ്രയിച്ച വരുന്നത്; വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ കടിവെള്ള വിതരണത്തിന് പ്രധാനമായും ആശ്രയിക്കുന്ന ജല സ്രോതസ്സുകൾ . ചാലിയാർ, ഭാരതപ്പുഴ, തുതപ്പുഴ കടലുണ്ടിപ്പുഴ എന്നിവയാണ് . ഇവയിൽ ഏറ്റവും കൂടുതൽ കടിവെള്ള പദ്ധതികൾ കടലുണ്ടിപ്പുഴയെ ആശ്രയിച്ചാണ് .<br>ചിറ്റൂർ പുഴ, ഭാരതപ്പുഴ, ഗായത്രിപ്പുഴ, കണ്ണാടിപ്പുഴ, തുതപ്പുഴ, പറമ്പിക്കുളം റിസെർ വോയർ, മലമ്പുഴ ഡാം, പോത്തുണ്ടി ഡാം, മീങ്കര ഡാം തുടങ്ങിയവയാണ് പാലക്കാട് ജില്ലയിലെ വിവിധ കടിവെള്ള പദ്ധതികൾക്കായി ആശ്രയിക്കുന്ന ജല സ്രോതസ്സുകൾ . |
| ബി) | ഭൂഗർഭ ജലസ്രോതസ്സുകളിൽ നിന്നും പ്രസ്തുത ജില്ലകളിലേക്ക് കൂടുതൽ കടിവെള്ള മെത്തിക്കാൻ പര്യാപ്തമായ തരത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | കേരള വാട്ടർ അതോറിറ്റി മുഖ്യമായും ആശ്രയിക്കുന്ന കടിവെള്ള സ്രോതസ്സ് നദികളും തടാകങ്ങളുമാണ്. ചെറുകിട കടിവെള്ള പദ്ധതികളിൽ കുളങ്ങളും ഭൂഗർഭ സ്രോതസ്സുകളെയും ആശ്രയിക്കുന്നു. ഉപരിതല സ്രോതസ്സുകളിലെ ജല ലഭ്യത അപ്പപ്പോൾ ലഭിക്കുന്ന മഴയെ ആശ്രയിച്ചാണ്. ജല സംഭരണികൾ ഉള്ള നദികളിൽ വേനൽകാലത്ത് സംഭരണിയിലുള്ള ജല ശേഖരം ഉപയോഗിച്ച് കടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നു. സംഭരണികൾ ഇല്ലാത്ത ഉപരിതല സ്രോതസ്സുകളിൽ ജലത്തിന്റെ നീരൊഴുക്ക് കുറയുന്ന സാഹചര്യത്തിൽ താൽക്കാലിക തടയണ നിർമ്മിച്ച് ജലം ശേഖരിച്ച് ഉപയോഗിക്കുന്നു. കൂടാതെ സ്രോതസ്സുകളിലെ മണ്ണും ചെളിയും നീക്കിയും പമ്പിംഗ് തടസ്സം വരാതെ ജല ലഭ്യത ഉറപ്പ വരുത്തുന്നു. സാധാരണ ചെറുകിട കടിവെള്ള പദ്ധതികൾ മറ്റ് ഉപയോഗപ്രദമായ ഉപരിതല സ്രോതസ്സ് ഇല്ലാത്തിടത്താണ് ഭൂഗർഭ സ്രോതസ്സുകളെ ആശ്രയിക്കുന്നത്. ഭൂഗർഭ ജല നിരപ്പ് വേനൽക്കാലത്ത് താഴുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത്. ഉപരിതല സ്രോതസ്സുകൾ നീരൊഴുക്ക് നിൽക്കുന്ന അവസ്ഥ സംജാതമാകുമ്പോൾ തൊട്ടടുത്ത് ഭൂഗർഭ സ്രോതസ്സുകളിൽ മതിയായ ജലലഭ്യത യുണ്ടെങ്കിൽ നിലവിലുള്ള പദ്ധതിയിലെ പൈപ്പ് ലൈൻ ജല ലഭ്യത ഇല്ലാത്ത പദ്ധതി പ്രദേശങ്ങളുമായി കൂട്ടി യോജിപ്പിക്കുന്ന പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ടി ഇന്റർകണക്ഷൻ വേനൽക്കാലത്ത് മാത്രമായി ഉപയോഗപ്പെടുത്തുന്നത് വഴി കടിവെള്ളം ഒരു പരിധി വരെ തടസ്സപെടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. മലപ്പുറം, പാലക്കാട് ജില്ലയിൽ ഉപരിതല സ്രോതസ്സ് വറ്റുന്ന പ്രദേശത്ത് ഭൂഗർഭ ജല ലഭ്യതയുള്ള പ്രദേശങ്ങൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റിന്റെ സഹകരണത്തോടെ കണ്ടെത്തി കടിവെള്ള വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി രൂപീകരിക്കുന്നതിനുള്ള സാധ്യത പഠനം നടത്തി പുതിയ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ